DESPATCHED
On..25/6/22..

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 226(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4262/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 20

ശ്രീ. സാബു സ്റ്റീഫൻ,
ലില്ലി കോട്ടേജ്,
പെരുകാവ് പി.ഒ.,
പേയാട്, തിരുവനന്തപുരം – 695 573.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   എക്സൈസ് ഡിവിഷൻ ഓഫീസ്,
   തിരുവനന്തപുരം–695 023.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ,
   എക്സൈസ് ഡിവിഷൻ ഓഫീസ്,
   തിരുവനന്തപുരം –695 023.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 7.9.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.10.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.11.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 6.12.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 9.3.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 9.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.3.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 13.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 15.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. സാബു സ്റ്റീഫൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിലെ 8(1)(ജെ) വകുപ്പു പ്രകാരം എതിർകക്ഷികൾ ബോധപൂർവ്വം നിരസിച്ചിരിക്കുകയാണെന്നും

ആയതിനാൽ വിവരങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശം എതിർകക്ഷികൾക്ക് നൽകി ടിയാളുകൾക്ക് വിവരാവകാശ നിയമത്തിൽ ട്രെയിനിംഗ് നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് എതിർകക്ഷി ഓഫീസിലെ EDOTVM/1408/2019-T7-നമ്പർ ഫയലിന്റെ എല്ലാ പേജുകളുടെയും പകർപ്പ് നൽകണമെന്നും ആയത് ലഭ്യമായ ശേഷം ഫയൽ പരിശോധിക്കുന്നതിനുള്ള അവസരം നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 7.10.2021-ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലിലെ വിവരങ്ങൾ നെടുമങ്ങാട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എസ്. വിനോദ് കുമാറിനെതിരെയുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട മറ്റൊരാളുടെ സ്വകാര്യതയെ ബാധിക്കുന്നതും/പൊതു താത്പര്യമില്ലാത്തതുമായ ടി വിവരങ്ങൾ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം വെളിപ്പെടുത്താൻ നിർവ്വാഹമില്ലെന്നാണ്. തുടർന്ന് 9.11.2021-ന് ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ടത് ഔദ്യോഗിക വിവരങ്ങളാണെന്നും, വ്യക്തിഗത വിവരങ്ങൾ അല്ലെന്നും ആയത് വിവരാവകാശ നിയമം 8(1)(ജെ) വകുപ്പ് പ്രകാരം നിഷേധിച്ചത് തെറ്റാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് എതിർകക്ഷികൾക്ക് ആർ.ടി.ഐ-യിൽ ട്രെയിനിംഗ് നൽകണമെന്നാണ്. ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം പൊതു താത്പര്യവുമായി ബന്ധമില്ലാത്തതാണെന്നും ഉദ്യോഗസ്ഥന്റെ സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റമാകുന്നതുമാണെന്നും ടി വിവരം വെളിപ്പെടുത്തുന്നതിൽ ശ്രീ. എസ്.വിനോദ്കുമാർ വിസമ്മതം രേഖപ്പെടുത്തിയിട്ടുള്ള-താണെന്നും ആയതിനാൽ വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ലെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 7.9.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 7.10.2021-ന് ഒന്നാം എതിർകക്ഷിയും 8.11.2021-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 6.12.2021-ൽ രണ്ടാം എതിർകക്ഷിയും സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ള-താണെന്നും ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത് തിരുവനന്തപുരം എക്സൈസ് ഡിവിഷൻ ഓഫീസിലെ EDOTVM/1408/2019-T7-നമ്പർ ഫയലിലെ വിവരങ്ങളാണെന്നും ടി ഫയൽ നിലവിൽ തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായി ജോലി ചെയ്തു വരുന്ന ശ്രീ. എസ്.

വിനോദ്കുമാറിനെതിരെയുള്ള ആരോപണങ്ങളെ കുറിച്ചുള്ള അന്വേഷണവുമായി ബന്ധപ്പെട്ടിട്ടുള്ളതാണെന്നും ടി അന്വേഷണം പൂർത്തികരിച്ചിട്ടുള്ളതും ടിയാനെ കുറ്റക്കാരനായി കണ്ടെത്തുകയോ ടി വിഷയത്തിൽ പബ്ലിക് ഡോക്കുമെന്റായ ഏതെങ്കിലും തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ലാത്തതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം പൊതു താത്പര്യവുമായി ബന്ധമില്ലാത്തതും ടി വിവരത്തിന്റെ വെളിപ്പെടുത്തൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാകും എന്നുള്ളതിനാലും ടി വിവരത്തിന്റെ വെളിപ്പെടുത്തൽ ഏതെങ്കിലും പൊതു താത്പര്യത്തിന്റെ വെളിച്ചത്തിൽ അനിവാര്യമാണെന്ന് ഹർജിക്കാരൻ വസ്തുനിഷ്ഠമായി അപേക്ഷയിൽ ചൂണ്ടിക്കാട്ടിയിട്ടില്ലാത്തതുമാണെന്നും ഹർജിക്കാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ശ്രീ. എസ്. വിനോദ്കുമാറിന്റെ മൊഴി രേഖപ്പെടുത്തിയതിൽ ടിയാന്റെ സ്വകാര്യതയെ ബാധിക്കുന്ന വിഷയങ്ങളാണ് ടി ഫയലിൽ ഉള്ളത് എന്നതിനാൽ ടി വിവരങ്ങൾ അപേക്ഷ പ്രകാരം വെളിപ്പെടുത്തുന്നതിന് വിസ്സമ്മതം രേഖപ്പെടുത്തിയിട്ടുള്ള താണെന്നും വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം മറ്റൊരാളിന്റെ സ്വകാര്യതയെ ബാധിക്കുന്നതും പൊതു താത്പര്യവുമായി ബന്ധമില്ലാത്തതുമായ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ലാത്തതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകുവാൻ സാധിക്കില്ല എന്ന് കാണിച്ചുകൊണ്ട് രണ്ടാം എതിർകക്ഷി ഹർജിക്കാരന് യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ പകർപ്പ് ആവശ്യപ്പെട്ടും, നേരിൽ പരിശോധിക്കാൻ അവസരം തേടിയും നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളത് നിലവിൽ തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായി ജോലി ചെയ്തു വരുന്ന ശ്രീ. എസ്. വിനോദ്കുമാറിനെതിരെ സ്വീകരിച്ചിട്ടുള്ള അന്വേഷണവുമായി ബന്ധപ്പെട്ട തിരുവനന്തപുരം എക്സൈസ് ഡിവിഷൻ ഓഫീസിലെ EDOTVM/1408/2019-T7- നമ്പർ ഫയലിലെ വിവരങ്ങൾ ആണെന്ന് കാണുന്നു. ടി ഫയൽ കമ്മീഷൻ പരിശോധിച്ചതിൽ ശ്രീ. എസ്. വിനോദ്കുമാറിന്റെ സ്വകാര്യതയെ ബാധിക്കുന്ന വിഷയമാണ് ടി ഫയലിൽ അടങ്ങിയിട്ടുള്ളത് എന്നതിനാലും ടി വിവരങ്ങളുടെ വെളിപ്പെടുത്തൽ ഏതെങ്കിലും പൊതു താത്പര്യത്തിന്റെ വെളിച്ചത്തിലല്ല ഹർജിക്കാരൻ ടി രേഖകൾ ആവശ്യപ്പെട്ടിട്ടുള്ളതെന്നതിനാലും മൂന്നാം കക്ഷിയായ ഹർജിക്കാരൻ ടി കേസിലെ ഒരു കക്ഷിയല്ലാത്തതിനാലും, കൂടാതെ ശ്രീ. വിനോദ്കുമാറിന്റെ മൊഴി രേഖപ്പെടുത്തിയതിൽ ടിയാന്റെ സ്വകാര്യതയെ

ബാധിക്കുന്ന വിഷയങ്ങൾ ടി ഫയലിൽ അടങ്ങിയിട്ടുള്ളതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലിലെ വിവരം വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്തരുതെന്നുള്ള വിസമ്മതം രേഖപ്പെടുത്തിയിട്ടുള്ളതായി രണ്ടാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് പരിഗണിച്ചും ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തി എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടി ശരിവച്ചുകൊണ്ട്, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 20–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk